(എഫ്) എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ സ്പെഷ്യൽ ലൈൻ അനുവദിച്ച മെമ്മോ ർഡബിലപ്പെടുത്തിയിരുന്നോ; ആ വിവരം ബോട്ടുടമസ്ഥന്മാരെ അറിയിക്കുകയുണ്ടായോ;

(ജി) ബോട്ടുകളിൽ ഓവർലോഡുണ്ടായാൽ യാത്രക്കാരെ ഇറക്കിവിടുകയോ, ബോട്ടുസവ്വീസുകാരെ ശിക്ഷിക്കുകയൊ ഏതാണ് നിയമാനുസരണമുള്ള നടപടി;

(എച്ച്) പ്രസ്തുത ദിവസം തീർത്ഥാടകരെ കോട്ടയത്തേക്ക് കൊണ്ടുപോകാനും മടക്കി ക്കൊണ്ടുവരാനും മറ്റൊരു ബോട്ടുസവ്വീസുകാർക്ക് സ്പെഷ്യൽ അനുവദിച്ചിരുന്നോ;

(ഐ) പക്ഷപാതപരമായ പ്രസ്തുത നടപടികളുടെ ഔചിത്യവും ആവശ്യവുമെന്ത്?

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ്:

(എ) ഉണ്ട്. രാധാബോട്ട സവ്വീസുകാർക്കും സർ ജോൺ ബോട്ടിനും.

(ബി) ഇല്ല.

(സി) അന്വേഷിക്കാം.

(ഡി) ബി ഭാഗത്തിനുള്ള ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) മുടങ്ങിയതായി റിപ്പോർട്ട ലഭിച്ചിട്ടുണ്ട്.

(എഫ്) കോട്ടയം ലൈനിൽ ഉള്ള ബോട്ടുകാർക്ക് മൻഗണന കൊടുക്കണമെന്ന ചീഫ് എൻജനീയർ നിർദ്ദേശിച്ചതനുസരിച്ച് മറ്റുള്ള ലൈൻ ബോട്ടുകാർക്ക് സ്പെഷ്യൽ അനുവദിച്ചില്ല. ഈ വിവരം ബോട്ടുടമസ്ഥന്മാരെ അറിയിച്ചിട്ടുണ്ട്.

(ജി) ബോട്ടുകളിൽ ഓവർലോഡുണ്ടായാൽ കൂടുതലുള്ള യാത്രക്കാരെ ഇറക്കിവിടുകയും ബോട്ടുസവ്വീസുകാരെ ശിക്ഷിക്കുകയുമാണ് പതിവ്.

(എച്ച്) ഉണ്ട്.

(ഐ) പക്ഷപാതപരമായി യാതൊരു നടപടികളും എടുത്തിട്ടില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: കൂടുതലുള്ള യാത്രക്കാരെ ഇറക്കിവിടുന്നതാണെന്നു പറയുകയുണ്ടായി. ആദ്യം കയറിയവരെയാണോ പിന്നീടു കയറിയവരെയാണോ?

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതു സന്ദർഭംപോലെ ചെയ്യുന്നതല്ലാതെ എനിക്കുത്തരം പറയാൻ അറിഞ്ഞുകൂടാ.

Mr. Speaker: As there is time, we shall go back to the starred questions.

AYIKUDI MIDDLE SCHOOL FOR BOYS

***2436.** [61] **Sri. A. Ramasubramonia Karayalar:**† Will the Hon'ble Minister for Education be pleased to state.—

(*a*) whether the Government have any proposal to raise the Ayikudi Middle School for Boys to that of a high school;

(*b*) whether the Government are aware that the people of Ayikudi village are prepared to meet the major expenses that may be incurred for raising the school to that of a high school?

The Hon'ble Sri. T. K. Narayana Pillai: The answer is not ready.

POLICE INSPECTOR MR. KATHER

***2437.** [62] **Sri. A. Ramasubramonia Karayalar:**† Will the Hon'ble Chief Minister be pleased to state.—

(*a*) whether the Government are aware that petitions were given by responsible people alleging corruption against the local Police Inspector Mr. Kathar;

(*b*) if so, may I know the outcome of the investigation?

The Hon'ble Sri. T. K. Narayana Pillai:

(*a*) Yes.

(*b*) On enquiry it was not found true.

ലാത്തിച്ചാർജ്ജുകൾ

*൨൪൩൮. (നമ്പ) ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

൧൯൪൫ മുതൽ ൩൦൧൫ വരെ തിരുവിതാംകൂറിൽ എത്ര ലാത്തിച്ചാർജ്ജുകൾ നടന്നുവെന്നും ഏതേത സ്ഥലങ്ങളിലാണെന്നും പറയുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സെൻട്രൽപ്രിസൺ, കാഞ്ഞിരവിളാകം, പേട്ട, എ. ഡി. കാട്ടൻമിൽ, ചവറ എന്നീ സ്ഥലങ്ങളിൽ ലാത്തിച്ചാർജ്ജുണ്ടായി.

†Questions 2432 [61] and 2432 [62] were put by Sri. A. Chidambaranatha Nadar.

LIBRARY ARCHIVES Kerala Legislative Assembly